നം.വൈ(1)/46046/2018/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :04/08/2018

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - 2017-18 വർഷത്തെ ശാസ്ത്രനാടകോത്സവം -സംബന്ധിച്ച് .

സൂചന:- വി.ഐ.റ്റി.എം ന്റെ 18/08/2018-ലെ നമ്പർ VM24(18)EDEXT/SISDF-2018/2164 പ്രകാരമുള്ള കത്ത്.

......

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് അംഗീകൃത അൺ-എയ്ഡഡ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന ശാസ്ത്ര നാടകോത്സവത്തിന്റെ വിഷയം (Theme) വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആന്റ് ടെക്നോളജിക്കൽ മ്യൂസിയം (VITM) നിശ്ചയിച്ചു നൽകിയിട്ടുള്ളത് ചുവടെ ചേർക്കുന്നു. പ്രസ്തുത വിഷയത്തിലാകണം സ്കൂൾ തലം മുതലുള്ള മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

## Main Theme

Science & Society

## Sub Theme

1. Digital India
2. Cleanness, Health & Hygiene
3. Green & Clean Energy
4. Environment Conservation

ഈ വർഷത്തെ സതേൺ ഇന്ത്യാ സയൻസ് ഡ്രാമ ഫെസ്റ്റിവൽ (SISDF) 2018 നവംബർ മാസം അവസാന വാരത്തിൽ, ബാംഗ്ലൂരിലെ വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആന്റ് ടെക്നോളജിക്കൽ മ്യൂസിയത്തിൽ വച്ചും. നാഷണൽ സയൻസ് ഡ്രാമ ഫെസ്റ്റിവൽ 2019 ജനുവരിയിൽ നാഷണൽ സയൻസ് സെന്റർ ഡൽഹിയിലും വച്ച് നടക്കുന്നു.

ഇതിന്റെ മുന്നോടിയായി സ്കൂൾതലം മുതൽ റവന്യൂജില്ലാതലം വരെയുള്ള ശാസ്ത്രനാടക മത്സരം ചുവടെ ചേർത്തിട്ടുള്ള തീയതികളിൽ സംഘടിപ്പിക്കേണ്ടതാണ്.

മറുപുറം

| | | |
|---|---|---|
| സ്കൂൾതല മത്സരങ്ങൾ | - | 2018-സെപ്റ്റംബർ 20നു മുമ്പ് |
| ഉപജില്ലാതല മത്സരങ്ങൾ | - | 2018-ഒക്ടോബർ 13നു മുമ്പ് |
| റവന്യൂ ജില്ലാതല മത്സരങ്ങൾ | - | 2018 -ഒക്ടോബർ 25-നു മുമ്പ് |

സ്കൂൾതലം മുതൽ ജില്ലാതലം വരെയുള്ള മത്സരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ക്ലബ്ബ് അസോസിയേഷൻ സെക്രട്ടറിമാരുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്. സ്കൂൾതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്ന ടീമിന് ഉപജില്ലാതലത്തിലും ഉപജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന് റവന്യൂജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന് സംസ്ഥാനതല മത്സരത്തിലും പങ്കെടുക്കാവുന്നതാണ്. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമുകൾക്ക് സതേൺ ഇന്ത്യാ സയൻസ് ഡ്രാമ മത്സരത്തിലും സതേൺ ഇന്ത്യ സയൻസ് ഡ്രാമ ഫെസ്റ്റിവലിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമുകൾക്ക് ദേശീയ സയൻസ് ഡ്രാമ ഫെസ്റ്റിവലിലും പങ്കെടുക്കുന്നതിന് അർഹത ഉണ്ടായിരിക്കും. സംസ്ഥാനതല ശാസ്ത്രനാടകോത്സവത്തിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

ശാസ്ത്രോത്സവം നടത്തുന്നതുപോലെ ഓൺലൈൻ എൻട്രി നടത്തിവേണം സ്കൂൾ തലം മുതൽ ശാസ്ത്രനാടകോത്സവം സംഘടിപ്പിക്കേണ്ടത്. 2018 സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ ഓൺലൈൻ എൻട്രി നടത്താവുന്നതാണ്.

ശാസ്ത്രനാടകോത്സവം സംബന്ധിച്ച് VITM നൽകിയ മാർഗ്ഗരേഖ ഇതോടൊപ്പം അയക്കുന്നു. മാർഗ്ഗരേഖ പ്രകാരം തന്നെയാണ് നാടകോത്സവം നടത്തപ്പെടുന്നതെന്ന് എല്ലാ വിദ്യാഭ്യാസ ആഫീസർമാരും ക്ലബ്ബ് സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ജിമ്മി.കെ.ജോസ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)**

പകർപ്പ്:-1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ശാസ്ത്ര വിഭാഗം റവന്യൂ ജില്ലാ സെക്രട്ടറിമാർക്കും.
(എല്ലാ ഉപജില്ലാ സെക്രട്ടറിമാർക്കും വേണ്ട നിർദ്ദേശങ്ങൾനൽകേണ്ടതാണ്)
4. എല്ലാ ശാസ്ത്രവിഭാഗം ഉപജില്ലാ സെക്രട്ടറിമാർക്കും
5. എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

ആർ.കെ